# കിരിയാത്ത് *(Andrographis paniculata)*

**സസ്യകുടുംബം: അക്കാന്തേസിയേ**

**ആന്ധ്രാപ്രദേശ്, ആസ്സാം, ബീഹാർ, പശ്ചിമബംഗാൾ, മദ്ധ്യപ്രദേശ്, കേരളം എന്നിവിടങ്ങളിൽ ധാരാളമായി കണ്ടുവരുന്നു.**

## രൂപവിവരണം

- **നിലത്ത് പടർന്നുവളരുന്ന ഏകവർഷ സസ്യം.**
- **ഇലകൾ ഇരുണ്ട പച്ച നിറമുള്ളതും നീളമേറിയതും കയ്പുരസമുള്ളതുമാണ്.**

## ഔഷധഗുണം

**ഉപയോഗഭാഗം – സമൂലം**

- **പനി, മലമ്പനി, മഞ്ഞപ്പിത്തം, കരൾ രോഗങ്ങൾ, വിളർച്ച, പിത്തദോഷങ്ങൾ എന്നിവയ്ക്കെതിരെ ഉപയോഗിക്കുന്നു**

## രാസഘടകങ്ങൾ

**ആൻഡ്രോഗ്രാഫോലൈഡ്, കിരാറ്റിൻ, ഒഫാലിക് ആസിഡ്, ലാക്ടോൺസ്.**

## മണ്ണും കാലാവസ്ഥയും

- **മണൽ കലർന്ന വളക്കൂറുള്ള എക്കൽ മണ്ണാണ് യോജിച്ചത്.**
- **വിത്തുകൾ നേരിട്ട് വിതച്ചോ, നഴ്സറി യിൽ പാകി മുളപ്പിച്ച് പറിച്ചുനട്ടോ കൃഷിയിറക്കാം.**
- **ഒരേക്കറിന് 200 ഗ്രാം വിത്തു മതിയാകും. വിത്തുകൾ വെള്ളത്തിൽ കുതിർത്തശേഷം പാകാനുപയോഗിക്കാം.**
- **ഏതു കാലാവസ്ഥയിലും വളരുമെങ്കിലും ഏറ്റവും കൂടുതൽ വിളവ് കിട്ടുന്നത് മഴക്കാലാരംഭത്തോട് കൂടി (ജൂൺ–ജൂലായ്) കൃഷിയിറക്കിയാലാണ്.**
- **നാലുമാസംകൊണ്ട് വിളവെടുക്കാം എന്നതിനാൽ ജലസേചനസൗകര്യമുണ്ടെങ്കിൽ വർഷം മൂന്നു കൃഷിയിറക്കാം.**
- **ഒരേക്കറിന് 5 ടൺ എന്ന തോതിൽ ഉണക്കിപ്പൊടിച്ച കാലിവളമോ, കമ്പോസ്റ്റോ അവസാനത്തെ ഉഴവിന്റെ സമയത്ത് ചേർത്തു കൊടുക്കണം.**
- **ചെറിയ വാരങ്ങളും, ചാലുകളുമുണ്ടാക്കി നടുന്നതാണ് ജലസേചനത്തിന് സൗകര്യം.**
- **15 X 15 സെ.മീ. അകലത്തിൽ തൈകൾ പറിച്ചു നടാം.**
- **വിത്തുകൾ നേരിട്ട് വിതയ്ക്കുമ്പോൾ 30 സെ.മീ. അകലത്തിൽ ചെറുചാലുകളെടുത്ത് അതിൽ 15 സെ.മീ. അകലത്തിൽ 3–4 വിത്തുകൾ വീതമിട്ട് കൃഷി ചെയ്യാം**

## കളയെടുക്കൽ

നട്ട് 20 - 30 ദിവസം കഴിയുമ്പോൾ ആദ്യത്തെ കളയെടുക്കണം. പിന്നീട് ഒന്നോ, രണ്ടോ തവണ കൂടി, അടുത്ത 60 ദിവസത്തിനുള്ളിൽ കളയെടുക്കേണ്ടി വരും. അതിനുശേഷം ഓരോ തവണ വിളവെടുത്തുകഴിയുമ്പോഴും കളയെടുക്കേണ്ടതാവശ്യമാണ്.

## വിളവെടുപ്പ്

ചെടികൾ പുഷ്പിക്കുമ്പോൾ (90–120 ദിവസം) കിരിയാത്ത് വിളവെടുപ്പിന് തയ്യാറാവുന്നു. ഈ സമയം 10–15 സെ.മീ. ഉയരത്തിൽ വച്ച് ചെടികൾ മുറിച്ചെടുക്കുന്നു.

ഈ കുറ്റികളിൽനിന്നും ചെടികൾ വീണ്ടും വളരുന്നു. വളർച്ച ത്വരിതപ്പെടുത്താൻ വളം വിതറിയശേഷം നനച്ചുകൊടുക്കുന്നു. ഇങ്ങനെ വീണ്ടും വളരുന്ന ചെടികൾ 60 ദിവസത്തിനുശേഷം അടുത്ത വിളവെടുപ്പിന് തയ്യാറാകും. ഒരു വർഷം ഇങ്ങനെ രണ്ടോ, മൂന്നോ തവണ വിളവെടുക്കാം.

ഇതല്ലാതെ ചെടി മുഴുവനായും പറിച്ച് വീണ്ടും നിലമുഴുതു തയ്യാറാക്കി വിത്തുവിതച്ചും പുതിയ കൃഷി ചെയ്യാം. കൊയ്ത ചെടികൾ ചെറുതായി കൊത്തിനുറുക്കി 3–4 ദിവസം നിഴലിലുണക്കിയ ശേഷം വിപണനം നടത്താം.